But the more we penetrate into mind or matter, the more we find that they themselves interpenetrate and that they cannot be divided. Mind and matter, conscious and unconscious, *purusha* and *prakrti*, and at the deepest level of consciousness the division disappears and mind and matter, Spirit and Nature become as one.

The aim of all religion is to restore this undivided consciousness which Hinduism calls *Moksha* or liberation, Buddhism calls *Nirvana* and Christianity represents as the redemption of man and his reunion with God.

Far East Flavours & Fragrances

**Perfumes of the Orient (free from alcohol)**

- Babussalam
- Jameela
- Al-Jamal
- Sexy Unisex
- Madina
- Raja Jasmin
- Ruby Queen
- Samira
- Tokyo Girl
- Safina Boquet
- Draka
- Dream Girl
- Jelita "R"



JR FRAGRANCE

**Jamal Kazura Aromatics**
728 North Bridge Road
Singapore 0719
Tel: 293 2350 Fax: 296 0331

**Get your FREE perfume samples. Send your stamped self-addressed envelope to us.**

# Onam Greetings and Best Wishes from

Mr D Sambasivan & Family

Mr M K Bhasi & Family

Mr Krishnakumar & Family

Suresh Kumar

Siva Arasu

Conrad Raj

Mrs Priya Emmanuel

Mr & Mrs Alan Street

Mrs Eyleen Michael

# വാക്കും പ്രവൃത്തിയും

**Vakkum Pravruthiyum by Sarojini Chandran**

Father - Devan
Mother - Latha
Daughter - Omana
Maid - Panchali

ഓമനയുടെ വീട്ടിലെ Hall.

(ഓമന കണ്ണാടി നോക്കി പൊട്ടുതൊടുകയും തല ശരിയാക്കുകയും ചെയ്യുന്നു).

**Devan** : (പ്രവേശിച്ചു് ഓമനയെ നോക്കുന്നു) മോളെ നിന്നെ ഞാൻ Office-ൽ കൊണ്ടു വിടാം.

**Omana** : (അത്ഭുതത്തോടെ) എന്താണച്ഛാ, ഇപ്പോൾ ഇങ്ങനെ തോന്നാൻ. മുമ്പൊക്കെ എനിക്ക് ഒരു ലിഫ്റ്റ് തരാൻ പറഞ്ഞാൽ സമയമില്ല Taxi എടുക്കൂ എന്നു പറയും. ഇപ്പോൾ എനിക്കു കാറുള്ളപ്പോൾ അച്ഛൻ കൊണ്ടു വിടാമെന്നു്.

**Devan** : അതെ, ഇനി നീ കാറോടിക്കണ്ട. ഞാൻ**Office-**ൽ കൊണ്ടുവിടാം. തിരിച്ചു കൊണ്ടുവരികയും ചെയ്യാം.

**Omana** : അതിനു ദൂരം വളരെ കൂടുതലല്ലെ. നേരത്തെ പുറപ്പെടുകയും വേണ്ടേ?

**Devan** : അതൊന്നും സാരമില്ല. ഒരു പത്തുമിനിറ്റ് നേരത്തെ പുറപ്പെട്ടാൽ മതി.

**Omana** : അച്ഛാ, അച്ഛനെന്തു പറ്റി. രാവിലെ പത്തു മിനിട്ട് നേരത്തെ ഇറങ്ങാൻ എന്തു പ്രയാസമാ. ഒരു മെയിഡിനെ പറഞ്ഞുവെച്ചത് ഒട്ട് എത്തിയുമില്ല.

**Devan** : എനിക്കു ഒന്നുംപറ്റിയില്ല. നിനക്കു പറ്റാതിരിക്കാനാ പറയുന്നത്.

**Omana** : എനിക്കു എന്തു പറ്റാനാ അച്ഛാ വെറുതെ ഓരോന്നു വിചാരിച്ചു മനസ്സ് വിഷമിപ്പിക്കണ്ട.

**Devan** : വെറുതെ മനസ്സു വിഷമിപ്പിക്കയല്ല, കാര്യമുണ്ടായിട്ടാ.

**Omana** : എന്തു കാര്യം. അമ്മയിവിടെ ഇല്ലാത്തതു കൊണ്ട് എപ്പോഴും ഓരോന്നു ചിന്തിച്ചു കൊണ്ടിരിക്കും ആവശ്യമില്ലാതെ.

**Devan** : തർക്കിക്കണ്ട. പറയുന്നതു കേട്ടാൽ മതി.

**Omana** : അച്ഛൻെറ മനസ്സിൽ എന്തോ ഉണ്ട്. അത് എന്താണെന്ന് എനിക്കറിയണം.

**Devan** : പറയാം. മനസ്സിനൊരു വിഷമം.

**Omana** : എന്താ ഇത്ര വിഷമം പറയൂ അച്ഛാ?

**Devan** : നിൻെറ കാറിൽ വേറെ ആരെയോ കണ്ടെന്നറിഞ്ഞു.

**Omana** : അതാണോ! അതു കൂടെ ജോലി ചെയ്യുന്നവർക്ക് ഞാൻ ചിലപ്പോൾ **lift** കൊടുക്കാറുണ്ട്. അത് ആരെങ്കിലും കണ്ടുകാണും.

**Devan** : ഓഫീസിലെ ആരുമല്ല. ഒരു പുരുഷൻ.

**Omana** : പുരുഷനും സ്ത്രീയുമൊക്കെയല്ലെ ഓഫീസിൽ ജോലി ചെയ്യുന്നത്. ബോസിൻെറ അച്ഛനോ മറ്റോ ആയിരിക്കും.

**Devan** : ബോസിൻെറ അച്ഛൻ വയസ്സനല്ലെ. അയാൾക്ക് കാറും ഡ്രൈവറുമില്ലെ. ഇതൊരു ചെറുപ്പക്കാരൻ.

**Omana** : ഓ... അച്ഛാ ഓഫീസിൽ വയസ്സൻമാർ മാത്രമല്ല ജോലി ചെയ്യുന്നത്. (ആലോചിക്കുന്നു) ആരായിരിക്കും?

**Devan** : നിനക്ക് അറിയില്ല അല്ലെ. ഒന്നും ഒളിക്കണ്ട.

**Omana** : ഓ! എനിക്കു തോന്നുന്നത് എൻെറ ഒരു കവാൻെറ കാര്യമായിരിക്കും അച്ഛൻ സൂചിപ്പിക്കുന്നത്.

**Devan** : കാവലോ, പാറാവോ അവനെ നീ എന്തിനു കാറിൽ കൊണ്ടുനടക്കുന്നു?

**Omana** : അച്ഛാ അയാളുടെ കാർ റിപ്പയർ ആയതു കൊണ്ട് ഞാൻ ഒരു ലിഫ്റ്റ് കൊടുത്തു. ഇതാണോ ഇത്ര വലിയ ആനക്കാര്യം.

**Devan** : എനിക്ക് അങ്ങിനേയേ എടുക്കാൻ പറ്റൂ. ആമ്പിളേളരെ തനിയെ കാറിൽകൊണ്ടു നടക്കരുത്. എനിക്ക് അത് ഇഷ്ടമല്ല കേട്ടോ.

(ഓമന മിണ്ടാതെ വിഷമത്തോടെ അക ത്തേക്ക് പോകുന്നു. **Door bell** അടി ക്കുന്നു. ദേവൻ വാതിൽ തുറക്കുന്നു. ഒരുത്തി കയറി വരുന്നു. കൈയ്യിൽ രണ്ടു ബാഗ്, മുടി പിന്നിയിട്ടിരിക്കുന്നു. കറുപ്പു കണ്ണട ധരിച്ചിരിക്കുന്നു, അകത്തേക്ക് നടക്കുന്നു).

**Devan** : (ഇതെല്ലാം കണ്ടിട്ട്) നിൽക്കു, നിങ്ങളാരാ?

**Panchali** : **I mad.**

**Devan** : (പിന്നോക്കം മാറികൊണ്ട്) എന്ത് മേഡോ?

**Panchali** : എന്നെ മനസ്സിലായിക്കാണില്ല. പറയാം. ഇതല്ലെ **Dr.** ദേവൻെറ വീട്.

**Devan** : അതെ.

**Panchali** : എന്നെ ഏജൻറു് ഇവിടെ ഇറക്കിയിട്ട് പോയി. ഞാൻ പാഞ്ചാലി.

**Devan** : ഓ, മെയ്ഡ്. എല്ലാ ജോലിയും പഠിപ്പി ച്ചിട്ട് രണ്ടു ദിവസത്തിനകം അയയ്ക്കാമെ ന്നാണല്ലോ ഏജൻറ് പറഞ്ഞിരുന്നത്.

**Panchali** : എന്തിനു് എന്നെ ആരും ഒന്നും പഠിപ്പി ക്കണ്ട. എല്ലാ ജോലിയും എനിക്കറിയാം. ഞാൻ **US**-ൽ ജോലി ചെയ്തിട്ടുണ്ട്.

**Devan** : (നോക്കുന്നു)

**Panchali** : എന്താ നോക്കുന്നത്. എസ് **I U.S.** റിട്ടേൺ.

**Devan** : **U.S.**-ൽ നിന്ന് വരുന്നെന്നോ? **from U.S.** കണ്ടാൽ തോന്നില്ലല്ലോ. (അകത്തേക്ക് നോക്കി) ഓമനെ ഇതാ പുതിയ മെയ്ഡ് വന്നിരിക്കുന്നു. പാഞ്ചാലി.

**Omana** : (വന്നിട്ട്) അകത്തേക്ക് വരൂ. ഞാൻ എല്ലാം കാണിച്ചുതരാം. ഓഫീസിൽ പോകാൻ നേരമായി.

**Panchali** : (ഓമനയെ നോക്കി) എവിടെയോ കണ്ട നല്ല പരിചയം.

**Omana** : എന്നെ കണ്ടുകാണാൻ വഴിയില്ല.

**Panchali** : മോളെ ഞാൻ **U.S.**-ൽ ജോലി ചെയ്തതാ ണെന്ന് പറഞ്ഞപ്പോൾ കണ്ടാൽ തോന്നി ല്ലെന്ന്. അതൊക്കെ മുഖത്തുകാണാൻ പറ്റുമോ. എവിടെ പോയെന്നും എന്തു ചെയ്തെന്നും ഒക്കെ മുഖത്തു കാണുമെ ങ്കിൽ പിന്നെ എന്തായിരിക്കും കഥ. ഇത് അച്ഛനായിരിക്കും അല്ലെ?

**Omana** : അതെ വേഗം വരൂ. (അകത്തേക്കു പോകുന്നു)

**Panchali** : (പെട്ടികൾ എടുക്കുന്നു) എനിക്ക് കിട ക്കാൻ തനിച്ച് മുറിയും കട്ടിലും ഒക്കെ ഉണ്ടല്ലൊ. (അകത്തേക്ക് പോകുന്നു)

**Devan** : ഹും, നല്ലപേരു്. പാഞ്ചാലി. ഇനി പഞ്ചപാണ്ഡവൻമാർ പിന്നാലെ വരുമോ എന്തോ.

(പാഞ്ചാലി അകത്തുനിന്നും ഒരു തുണി എടുത്തു തുടയ്ക്കുന്നു. ഓമന പിന്നാലെ വരുന്നു. ദേവൻ അകത്തേക്കു പോകുന്നു)

**Omana** : ഡ്രസ്സു മാറുന്നില്ലെ.

**Panchali** : ഈ ഡ്രസ്സിനെന്താ തകരാറു്.

**Omana** : സാരിയുടുത്തു ജോലി ചെയ്താൽ ശരി യാവില്ല.

**Panchali** : അതെന്താ അങ്ങിനെ? ശരിയാവില്ലാന്നു്. ശരീരപ്രകൃതിക്കും സംസ്കാരത്തിനും ചേർന്ന ഡ്രസ്സ് ചെയ്യണം. അതൊന്നും അറിയില്ലായിരിക്കും. ഷോട്ട്സ് ഇട്ടാലെ ജോലി നടക്കൂ എന്നായിരിക്കും വിചാരം. **U.S.**ൽ വച്ച് ഒരു ദിവസം ഷോട്ട്സ് ഇട്ടു. അന്നൊരു ജോലിയും നടന്നില്ല.

**Omana** : പിന്നെ ആ ബക്കറ്റുകളിൽ കിടക്കുന്ന തുണിയെല്ലാം നനച്ചിടണം. ഞാൻ കാണിച്ചുതന്ന സ്ഥലത്തു തോരാനിട്ടാൽ മതി.

**Panchali** : അമ്മോ എത്ര ബക്കറ്റ് തുണിയാ. ഏതു കാലത്തു നനച്ചതാണോ എന്തോ നാറു ന്നുണ്ടാവും.

**Omana** : എന്താ പറഞ്ഞത്.

**Panchali** : വാഷിങ്ങ് മെഷിൻ എവിടെയാ, കണ്ടില്ല.

**Omana** : അതൊന്നും ഇല്ല. കൈകൊണ്ടു നന യ്ക്കണം. എന്നാലെ തുണി വൃത്തിയാവൂ.

Panchali : തുണി കൈകൊണ്ട് കുത്തിയിരുന്നു നന യ്ക്കാനൊന്നും എനിക്കു വയ്യ. അച്ഛനോടു വേഗം മെഷീൻ വാങ്ങാൻ പറയണം. എത്ര തുണിയാ അതു നനച്ചു തീർക്കാൻ ഒരാഴ്ച എടുക്കും.

Omana : അതൊക്കെ പിന്നീട് ആലോചിക്കാം. പിന്നെ രാവിലെ കാപ്പിക്ക് ദോശ, ഇഡ്ഡലി, പുട്ട്, അപ്പം ഇതിൽ ഏതെ ങ്കിലും ഒന്നു ഉണ്ടാക്കണം.

Panchali : ഓ എസ്സ്. മിക്സി ഉണ്ടല്ലോ.

Omana : ഇവിടെ മിക്സി ഇല്ല. ആട്ടുകല്ലുണ്ട്.

Panchali : അയ്യോ! കൈകൊണ്ട് അരച്ചൊന്നും ഉണ്ടാ ക്കാൻ എനിക്കു വയ്യ. ഇന്നത്തെ കാലത്ത് മിക്സി ഇല്ലാത്ത വീടുണ്ടോ ഭഗവാനെ. എന്തിനാ ഇഡ്ഡലിയും ദോശയും ഒക്കെ തിന്നുന്നത്. **A & W** ഹാംബെഗ്ഗർ, ബഗ്ഗർകിങ്ങ് ഇതൊക്കെയല്ലെ ആരോഗ്യ ത്തിനു് നല്ലത്.

Omana : ആരോഗ്യമൊക്കെ ഞങ്ങൾ നോക്കി ക്കോളാം. ഈ പറഞ്ഞതൊന്നും അച്ഛനു് ഇഷ്ടമല്ല. പിന്നെ ഉച്ചയ്ക്ക് ഊണിനു് നാലുവിധം കറികൾ ഉണ്ടാക്കിയാൽ മതി. പിന്നെ വൈകുന്നേരം ചായയ്ക്ക് വട, സമോസ്സാ, ബോണ്ട. ഇതിൽ ഏതെങ്കിലും വേണം. രാത്രി ചപ്പാത്തി രണ്ടുകറി. **O.K.** അച്ഛൻ വളരെ **strict** ആണ്. എല്ലാം ശരിയായല്ലോ.

Panchali : എന്തൊരു തീറ്റമാടൻമാരാ.

Devan : (വരുന്നു) മോളെ നീ ഇനിയും റഡിയാ യില്ലെ. ഇവർക്ക് ജോലി എല്ലാം പറഞ്ഞു കൊടുത്തോ.

Omana : ഇന്ന് ലീവ് എടുക്കേണ്ടിവരുമെന്നു് തോന്നുന്നു. ഇല്ലെങ്കിൽ ജോലി കഴിഞ്ഞു് കെൻറക്കി പോകേണ്ടിവരും.

Panchali : എന്നാൽ ഞാനും വരാം. എനിക്ക് കെൻ റക്കി വലിയ ഇഷ്ടമാ.

Devan : അതെന്താ, എല്ലാ ജോലിയും അറിയാമെ ന്നാണല്ലോ പാഞ്ചാലി പറഞ്ഞത്.

Panchali : ജോലി അറിയില്ലെന്ന് ഞാൻ പറഞ്ഞോ. വാഷിങ്ങ്മെഷീനും മിക്സിയും ഒന്നുമി ല്ലാതെ എന്നെക്കൊണ്ട് പറ്റില്ല. എൻെറ കൈ അത്രയ്ക്കു **strong** ഒന്നുമല്ല. ഓരോരുത്തർ 8-10-ഉം ഇഡ്ഡലി തിന്നു മെങ്കിൽ മാവെത്ര അരയ്ക്കണം. (ആത്മ ഗതം. സിംഗപ്പൂരിൽ വന്നു ഒന്നു സുഖി ക്കാമെന്നു കരുതി) ഒരു മിക്സി വാങ്ങി യാലെന്താ

Devan : അതു അമ്മ വന്നിട്ടാലോചിക്കാം.

Panchali : അമ്മ എവിടെ?

Devan : നാട്ടിൽ പോയിരിക്കുകയാ.

Panchali : ഓമനയുടെ പേരുപോലെതന്നെ കണ്ടാലും ഒരു ഓമന. ഹോംവർക്ക് ചെയ്യാറുണ്ടോ.

Omana : എൻെറ പഠിപ്പു കഴിഞ്ഞു. ഇപ്പോൾ ജോലി ചെയ്യുകയാ.

Panchali : അതൊക്കെ ശരി. ഹോം വർക്ക് എല്ലാ പെണ്ണുങ്ങളും അറിഞ്ഞിരിക്കണം. അല്ലെ ങ്കിൽ കെട്ടിച്ചയയ്ക്കുമ്പോൾ എൻെറ മോൾക്കു വീട്ടുപണി ഒന്നും അറിയില്ല. ഞാൻ ലാളിച്ചു വളർത്തിയതാണ്. അവ ളുടെ കൈ വേദനിപ്പിക്കരുത് എന്നൊക്കെ അമ്മയ്ക്കു പറയേണ്ടിവരും.

Omana : അത്യാവശ്യം വീട്ടുപണിയൊക്കെ എനി ക്കറിയാം. ഇതാണോ ഹോംവർക്ക് എന്നു പറഞ്ഞത്?

Panchali : അതെ, വീട്ടുപണി. അച്ഛനും മോളും തനിച്ചേ ഉള്ളോ ഇവിടെ.

Omana : അതെ, ഏട്ടൻ ആർമിയിലാ.

Panchali : അപ്പോൾ സൂക്ഷിക്കണം. മോൾ തനിച്ച് എവിടെയും പോകരുത്. ചെറുപ്പമാണ്. സുന്ദരിയാണ്. ആൺപിള്ളേർ കമൻറ ടിക്കും. കൂവും. അതുകൊണ്ട് പുറത്തു പോകുമ്പോൾ എന്നെക്കൂടെ കൊണ്ടുപോ കണം. പ്രത്യേകിച്ച് സിനിമയ്ക്ക് എനിക്ക് റൌഡികളെ ഒറ്റ നോട്ടത്തിനു് കണ്ടാൽ അറിയാം.

Devan : ഇവിടെ നിങ്ങൾ വന്നത് വീടു പണിക്കോ അതോ.......

Panchali : തിയേറ്ററിൽ റൗഡികൾ തീർച്ചയായും കാണും. ഞാൻ കൂടെയുണ്ടെങ്കിൽ പിന്നെ പേടിക്കണ്ട.

**Devan** : ഈ നാടിനെപ്പറ്റി നിങ്ങൾക്ക് എന്തറിയാം?

**Panchali** : ഞാൻ **U.S.**ൽ ഉള്ളപ്പോൾ പലതും കണ്ടിട്ടും കേട്ടിട്ടും ഉണ്ട്.

**Omana** : ശരി, ശരി. അതൊന്നും ഇപ്പോൾ സംസാരിക്കണ്ട. കാലത്തു അഞ്ചരമണിക്കു എഴുന്നേറ്റ് വീടുവൃത്തിയാക്കി ആറരയ്ക്ക് ബ്രേക്ക്ഫാസ്റ്റും റഡിയാക്കണം. (അകത്തേക്ക പോകുന്നു)

**Panchali** : എപ്പൊ എണീറ്റാൽ എന്താ. ആറരയ്ക്ക് ബ്രേക്ക്ഫാസ്റ്റ് റഡിയാകും. എനിക്ക് **U.S.**ൽ വച്ച് ആറരയ്ക്ക് ബ്രേക്ക്ഫാസ്റ്റു കഴിച്ചു ശീലമാ. വൈകുന്നേരം ആറുമണി കഴിഞ്ഞാൽ പിന്നെ എനിക്കു ജോലി ചെയ്യാൻ വയ്യ. **T.V.** കാണണം.

**Devan** : ദിവസവും **T.V.** കാണാനൊന്നും പറ്റില്ല.

**Panchali** : വേണ്ട. **V.C.R.** മതി.

**Devan** : അതൊന്നും നിങ്ങൾ തൊടാൻ പാടില്ല.

**Panchali** : ഞാൻ തൊടുന്നില്ല. തുറന്നു തന്നാൽ മതി. കഴിഞ്ഞാൽ അടച്ചോളാം.

**Devan** : വൈകുന്നേരം വിസിറ്റേഴ്സ് കാണും.

**Panchali** : മാസത്തിൽ എത്ര ദിവസം കാണും വിസിറ്റേഴ്സ്

**Devan** : അഞ്ചെട്ട് പ്രാവശ്യം കാണും.

**Panchali** : അതു കൂടുതലാ. ഇവർക്കൊക്കെ വച്ചുണ്ടാക്കണ്ടെ. ഒന്നോ രണ്ടോ ദിവസമെ പാടു. ധൂർത്തു അടിക്കരുത്. കാശു വെറുതെ കിട്ടില്ല.

**Devan** : ചോദിച്ചില്ല.

**Panchali** : എന്തെല്ലാം ഗുണങ്ങളുണ്ടെങ്കിലും ധൂർത്തടി പാടില്ല. ഭാര്യ എവിടെ പോയെന്നാ പറഞ്ഞത്.

**Devan** : ഹോളിഡേയ്ക്ക്.

**Panchali** : എന്നാൽ സൂക്ഷിക്കണം. എൻെറ ഭർത്താവ് നാട്ടിൽവച്ച് ഹോളിഡേസിനു് പോയി. ഒരു നാൽപതുകാരിയുടെ കൂടെ അങ്ങു പോയി. പ്രേമമാണെന്നും പറഞ്ഞു. അതുകൊണ്ട് ഞാനിവിടെ എത്തി.

**Devan** : ഓഹോ.

**Panchali** : ഞാൻ ലാൻക്ലബിൻെറ പ്രസിഡണ്ടാവാൻ പോയതാ. എന്നെയാണവർ ചൂസ് ചെയ്തത്. അപ്പോഴല്ലെ ഇങ്ങോട്ടു പോന്നത്.

**Omana** : (വരുന്നു) എന്താ ഈ ലാൽക്ലബു്

**Panchali** : അതറിയില്ലെ. നാട്ടിൽ ഓരോ നടൻമാർക്കും ക്ലബുണ്ട്. അവരുടെ വിശറികളുടെ വകയാ.

**Omana** : ഇവിടെയും നമുക്കൊന്നു തുടങ്ങാം. ഉർവ്വശിമേനകമാർക്കു്.

**Panchali** : അതിൽ എനിക്കു താൽപര്യമില്ല.

**Omana** : വേഗം ജോയി ജോലികൾ നോക്കണം ഒരുലാൻക്ലബ്. (പാഞ്ചാലി അകത്തു പോകുന്നു) അച്ഛാ ഇതെന്താ?

**Devan** : ഇതു ശരിയാകുമോ എന്തോ. **T.V.** കാണാനാ വലിയ താൽപര്യം. സിനിമാ ഭ്രാന്താ.

**Omana** : എങ്ങനെയെങ്കിലും നിന്നുകിട്ടിയാൽ മതിയായിരുന്നു.

**Devan** : കുറച്ചുദിവസം നോക്കാം. അമ്മ വന്നിട്ട് ബാക്കി തീരുമാനിക്കാം. അതിരിക്കട്ടെ. മോൾ ആരുടെ കൂടെയാ കോഫി ഹൗസിൽ പോയത്.

**Omana** : (ഞെട്ടി) അച്ഛൻ അതെങ്ങിനെ അറിഞ്ഞു.

**Devan** : നീയും ഒരു പയ്യനും കൂടി **coffee house-**ൽ ഇരിക്കുന്നതു കണ്ടു എന്നു് അമ്മായി പറഞ്ഞു.

**Omana** : **Why?** അമ്മായി **go to coffee house?** ഞാൻ കണ്ടില്ലല്ലോ.

**Devan** : എല്ലാവരും എന്തിനാ പോകുന്നത്. നീ എങ്ങനെ കാണാനാ. നിൻെറ കണ്ണ് വേറെ എവിടെയോ ആയിരുന്നു.

**Omana** : ഓ. ഈ അമ്മായിയുടെ കാര്യം. അവരുടെ മകനെ കെട്ടാൻ സമ്മതിക്കാത്തതിൻെറ ദേഷ്യമാ എന്നോടു.

**Devan** : അതൊന്നുമല്ല. അവർ ഇല്ലാത്തതൊന്നും പറയില്ല. കണ്ടവരുടെ കൂടെ നടക്കുന്നത്

എനിക്ക് ഇഷ്ടമല്ല. അമ്മ വന്നാൽ വലിയ ബഹളമുണ്ടാകും. ഞാൻ പറഞ്ഞില്ലെന്നു വേണ്ട.

**Omana** : അച്ഛാ. റഹ്മാൻ നല്ല **boy** ആണ്.

**Devan** : ആരു് റഹ്മാനോ. ആരാ ഈ റഹ്മാൻ. പോയും പോയും ഒരു മുസ്ലീം പയ്യനേയെ നിനക്കു കിട്ടിയുള്ളോ?

**Omana** : അച്ഛാ ഞാൻ.......

**Devan** : നീ എന്തു പറഞ്ഞാലും ശരി ഒരു അന്യജാതിക്കാരനെ എൻെറ മകളുടെ ഭർത്താവായി സ്വീകരിക്കാൻ എനിക്കു പ്രയാസമുണ്ട്. ഞാൻ ഇതിനു സമ്മതിക്കില്ല.

**Omana** : **I like him**റഹ്മാനെ വഞ്ചിക്കാൻ എനിക്കു സാധിക്കില്ല.

**Devan** : നിന്നോടാരാ വഞ്ചിക്കാൻ പറഞ്ഞത്. അവനെ ഇനി കാറിൽ കയറ്റരുത്. അവനോടു മിണ്ടരുത്. അവനെ കാണരുത്.

**Omana** : അച്ഛനോടു മിണ്ടരുതെന്നു പറഞ്ഞാലും റഹ്മാനോടു മിണ്ടരുതെന്നു പറയരുതേ.

**Devan** : നീ എന്താ പറഞ്ഞത്. നിനക്ക് എന്നെക്കാൾ വലുത് അവനാണ് അല്ലെ.

**Omana** : എന്നു ഞാൻ പറഞ്ഞില്ലല്ലൊ. **Why are you imagining things.** എന്തിനാ വേണ്ടാത്തതൊക്കെ ആലോചിച്ചു മനസ്സു വിഷമിക്കുന്നത്.

**Devan** : ആരാടി **imagin** ചെയ്യുന്നത്. വേണ്ടാത്തതിലെല്ലാം കയറി ചാടിയിട്ട് ഇപ്പോൾ തർക്കുത്തരം പറയാൻ വരുന്നോ. ഒന്നു തന്നാൽ ഉണ്ടല്ലോ.

**Panchali** : (ഓടി വരുന്നു) ആരും തർക്കുത്തരം പറയരുത്. ശബ്ദംകൊണ്ട് റേഡിയോ കേൾക്കാൻ വയ്യ.

**Devan** : നിങ്ങൾ പോയി നിങ്ങളുടെ ജോലി നോക്കിൻ.

**Panchali** : അതെങ്ങിനെയാ അച്ഛനും മോളും കൂടി ഇങ്ങനെ ഒച്ചയും അടിയുമായാൽ എനിക്കു മിണ്ടാതിരിക്കാൻ ഒക്കുമോ. ഞാൻ പറയുന്നതു കേട്ടാൽ എല്ലാം ശരിയാകും. ഇല്ലെങ്കിൽ.....

**Devan** : അവരുടെ ഒരു പ്രസംഗം.

**Panchali** : വേണ്ട. പ്രസംഗിക്കുന്നില്ല. ഞാനൊരു പാട്ടു പാടാം.

**Devan** : ഒരു പാട്ടുകാരി. എന്താ **U.S.**ൽ പാട്ടായിരുന്നോ പണി.

**Panchali** : അല്ല. പിന്നെ സാറൊന്നു മനസ്സിലാക്കണം. പാടാനുള്ള കഴിവു് ഈശ്വരൻെറ വരമാണു. അല്ലാതെ കിടന്നു് **shout** ചെയ്യുകയല്ല. മനസ്സിലായോ. **U.S.**ൽ ഒരു അമ്മയും മോനുമുണ്ടായിരുന്നു. എന്തു തങ്കമായ സ്വഭാവം. എന്തു സ്നേഹം. അമ്മയ്ക്കു മോനെന്നു വച്ചാൽ ജീവനാ. മോനു അമ്മയേയും അതുപോലെതന്നെ. അവർക്കു എന്നെ എന്തു കാര്യമാണെന്നോ. ആ പയ്യൻ എന്നെ അമ്മാ എന്നേ വിളിക്കൂ. ഇത് എന്തൊരു അച്ഛനും മോളുമാ, എൻെറ അച്ചോ ഭയങ്കര സാധനങ്ങൾ.

**Devan** : അഭിപ്രായം ഒന്നും കേൾക്കണ്ട. പോകുന്നുണ്ടോ ഇവിടുന്നു്.
(പാഞ്ചാലി പേടിച്ച് അകത്തേക്കു പോകുന്നു).

**Panchali** : (ഓടിവരുന്നു, കയ്യിൽ ഒരു ഫോട്ടോ) ഈ പടം എങ്ങനെ ഇവിടെ എത്തി.

**Omana** : ഏതു പടം.

**Panchali** : എൻെറ **U.S.** മോൻെറ പടം.

**Devan** : **U.S.** മോനോ. അതാരത്.

**Omana** : ആരാ ഈ **U.S. Boy. (photo** വാങ്ങുന്നു).ഈ **Boy U.S.** പോയിട്ടില്ലല്ലോ. നിങ്ങളെന്തിനാ ഈ **photo** എടുത്തത്. (ദേവൻ തുറിച്ചുനോക്കിക്കൊണ്ടു നിൽക്കുന്നു). (ഓമന പതുക്കെ അടുത്ത് ചെന്നിട്ട്) അച്ഛാ ഇതാണ് എൻെറ **Boy friend** റഹ്മാൻ.

**Panchali** : ഇപ്പോൾ പിടി കിട്ടി. ഞാൻ ഓമനയെ എവിടെ വച്ചാ കണ്ടതെന്നു്.

**Devan** : എവിടെ വച്ചാ.

**Panchali** : **U.S-**ൽ 430ാം നമ്പർ വീട്ടിൽ വച്ച്.

**Devan** : എന്ത്?

**Omana** : അച്ഛാ, 43 **Ulu Sembawang Road.**

**Devan** : നീ അവിടെ പോയിട്ടുണ്ടോ?

**Omana** : (മിണ്ടുന്നില്ല)

**Devan** : (കോപത്തോടെ) പോയിട്ടുണ്ടോ.

**Omana** : ഉണ്ട്.

**Devan** : അത്രയ്ക്കായോ. നിന്നെ ഞാൻ... (അടിക്കാനോങ്ങുന്നു) നിന്നോടാരു പറഞ്ഞു അവിടെ പോകാൻ. ലാളിച്ചു വളർത്തിയതിൻെറ ഫലം.

**Omana** : അച്ഛാ, അച്ഛൻ സ്റ്റേജിൽ പ്രസംഗിക്കാറില്ലെ. ജാതിയും മതവുമൊന്നുമില്ല. മനുഷ്യത്ത്വവും സ്നേഹവും ആണ് വലുതെന്നു്.

**Devan** : എടീ, സ്റ്റേജിൽ പ്രസംഗം വേറെ. ജീവിതം വേറെ. ബന്ധം വേറെ.

**Omana** : അച്ഛാ, റഹ്മാൻ.

**Panchali** : റഹ്മാൻ എന്തുകൊണ്ടും നല്ല പയ്യനാ. സാറെന്തിനാ ഈ ജാതിമതമൊക്കെ നോക്കുന്നത്?

**Devan** : നിങ്ങളൊന്നു വായടയ്ക്കുന്നുണ്ടോ. എൻെറ മോൾക്ക് ഒരു രാമനേം ഗോപാലനേം മാധവനേം ഒന്നും കണ്ണിൽ പെട്ടില്ലെ. റഹ്മാനെ ഒഴിച്ച്.

**Omana** : ഇല്ല.

**Devan** : അധികപ്രസംഗം പറഞ്ഞാലുണ്ടല്ലോ.

**Omana** : അച്ഛാ, **Please.**

**Devan** : ഒരക്ഷരം മിണ്ടണ്ട. അമ്മ വരുമ്പോൾ നീ തന്നെ പറ. (അകത്തേയ്ക്കു പോകുന്നു)

**Omana** : ശ്രമിച്ചാൽ നടക്കാത്തതായി ഒന്നുമില്ല എന്ന അച്ഛൻെറ പ്രസംഗത്തിലെ വാക്കുകൾ എനിക്കു വേണ്ട ധൈര്യം തരട്ടെ. (കർട്ടൻ. പ്ലെയിനിൻെറ ശബ്ദം)

## 2

**Panchali** : (പാഞ്ചാലി റേഡിയോ ഉറക്കെ വയ്ക്കുന്നു. പിന്നെ താഴ്ത്തുന്നു) (ഫോൺ ബെല്ലടിക്കുന്നു) ഹലോ... ഇവിടത്തെ അമ്മ വന്നു. ഇനി എനിക്കങ്ങോട്ടു വരാൻ പറ്റില്ല. അമ്മയില്ലാത്ത സമയത്തു ഞാൻ വരാം. ഇല്ലെങ്കിൽ വിളിക്കാം. ഇവിടെ ബഹളം കൂടിയിരിക്കുകയാ. ഓമനയെ തള്ള ഒരുപാട് തല്ലി. എനിക്കു സങ്കടം തോന്നി കേട്ടോ. ഏയ് വിടുന്ന ലക്ഷണമില്ല. ഇല്ല. കുളിക്കുകയാ. വലിയ വേഷവും പത്രാസുമാ. കുളി കഴിഞ്ഞെന്നു തോന്നുന്നു. വയ്ക്കട്ടെ. (റേഡിയോ ഉറക്കെ വച്ചുപോകുന്നു)

**Latha** : (പ്രവേശിച്ച് റേഡിയോ അടയ്ക്കുന്നു)

**Panchali** : (ഓടിവന്നു്) എന്തിനാ റേഡിയോ അടച്ചത്.

**Latha** : ശബ്ദം കൊണ്ട് തലവേദന.

**Panchali** : അതു സാരമില്ല. മരുന്നു കഴിച്ചാൽ മാറും. എനിക്കു പാട്ടു കേട്ടില്ലെങ്കിൽ ജോലി ചെയ്യാൻ വയ്യ.

**Latha** : എന്നാൽ പോകാം.

**Panchali** : എങ്ങോട്ടു.

**Latha** : വന്നിടത്തേയ്ക്കു.

**Panchali** : (ഒരു സൂത്രമാലോചിച്ച്) ശരിയായി പോയി. ഞാനിവിടെ ഇല്ലായിരുന്നെങ്കിൽ ഈ വീട്ടിൽ വേറെ പെണ്ണുങ്ങൾ കേറി താമസിക്കുമായിരുന്നു. (പെട്ടെന്നു) എന്താ പിന്നെ ഒരു സമാധാനം.

**Latha** : വേണ്ടാത്തതൊന്നും പറയണ്ട.

**Panchali** : പറയുന്നതല്ല. ഓമനയ്ക്ക് രണ്ടാനമ്മ വരുമായിരുന്നു എന്നു മാത്രം. അച്ഛനും മകളും കൂടെയുള്ള അടിയിൽ അതുകൂടെ പറ്റുമായിരുന്നു.

**Latha** : എനിക്കൊന്നും കേൾക്കണ്ട. പോയി ജോലി നോക്കണം.

(പാഞ്ചാലി അകത്തു പോകുന്നു)

**Devan** : (ഫോണെടുക്കുന്നു) **Hallow Dr. Devan please Hai** ഞാനിവിടെ ഇല്ലാത്തപ്പോൾ ഏതു പെണ്ണാ ഇവിടെ വന്നിരുന്നത്. അതെ ഒന്നും ഒളിക്കണ്ട. എല്ലാം ഞാനറിഞ്ഞു. എന്തു **Non sense.** ഹലോ ഹലോ.

(**Phone** വച്ച് അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു)
(പാഞ്ചാലി എത്തിനോക്കി പോകുന്നു)

**Latha** : ഓമനെ, ഓമനെ (ഓമന വരുന്നു) നിൻെറ തലവേദന എങ്ങനെയുണ്ട്.

**Omana** : കുറച്ചു കുറവുണ്ട്.

**Latha** : ഞാനിവിടെ ഇല്ലാതിരുന്നപ്പോൾ അച്ഛൻ നിന്നെ നല്ലതുപോലെ നോക്കിയിരുന്നില്ലെ.

**Omana** : ഉവ്വ്.

**Latha** : സമയത്തിനു് വീട്ടിൽ വരാറില്ലെ.

**Omana** : എന്താണമ്മെ ഒരു സംശയം.

**Latha** : അച്ഛൻെറ ശ്രദ്ധക്കുറവുകൊണ്ടാണോ നീ ഇങ്ങനെ പോയതെന്നറിയാനാ. അതോ നിൻെറ തോന്നിയവാസം കൊണ്ടോ?

**Omana** : ഹോളിഡേ കഴിഞ്ഞു വന്നപ്പോൾ മുതൽ അമ്മയ്ക്കെന്തു പറ്റി. എല്ലാം ഒരു സംശയം.

**Latha** : ഏയ്, ഏതായാലും ആ പയ്യൻെറ കൂട്ടുകെട്ടു അങ്ങോട്ടു വിട്ടേയ്ക്കു്.

**Omana** : അതുമാത്രം അമ്മ പറയണ്ട.

**Latha** : അച്ഛൻ സമ്മതിക്കില്ലെന്നു പറഞ്ഞില്ലേ. ആ നാണുവിനെ ഞങ്ങൾ നിനക്കുനോക്കി വച്ചിരുന്നതാ. എന്തു നല്ല പയ്യൻ. **P.H.D.**യ്ക്കു് പഠിക്കുകയാ. എന്തു ബുദ്ധി. ഇത്ര ചെറുപ്പത്തിൽ **P.H.D.** കിട്ടുന്നത് ആർക്കാ.

**Omana** : പതിഞ്ഞ സ്വഭാവക്കാരെയും **over smart**കാരെയും എനിക്ക് ഇഷ്ടമല്ല. പക്ഷെ **smart** ആകണം. **well dressed** കുറച്ചു നീളത്തിലുള്ള ക്രോപ്പ്. മുണ്ടും ജൂബയും ഇട്ടു കാണാൻ **smart** ആയിരിക്കണം.

**Latha** : ഇതെല്ലാം നാണുവിനുണ്ട്.

**Omana** : ഇല്ലെന്നെനിക്കറിയില്ലെ. തലേം കുത്തിയിരുന്നു പഠിക്കും. വേറൊന്നുമില്ല. എൻെറ റഹ്മാനിതെല്ലാം ഉണ്ട്. അമ്മയ്ക്കയാളെ കണ്ടാൽ ഇഷ്ടപ്പെടും, തീർച്ച.

**Latha** : പേരോ, പേരെന്തു ചെയ്യും.

**Omana** : പേരിലെന്താ കുഴപ്പം. എനിക്കിഷ്ടമാ.

**Latha** : എടീ ധിക്കാരം പറയുന്നോ. ഞാൻ പറഞ്ഞതു നിനക്കു മനസ്സിലായില്ല അല്ലെ. നിൻെറ ഞാൻ.....

**Omana** : എന്തു ചെയ്യും. കൊല്ലുമോ. എങ്കിൽ കൊല്ല്.

**Latha** : നീ അത്രയ്ക്കായോ അഹങ്കാരി. നീ എങ്ങനെ അവൻെറ കൂടെ ജീവിക്കും. മതം വേറെയല്ലെ.

**Omana** : അതിനെന്താ. അമ്മ അതിനൊന്നും വിഷമിക്കണ്ട. **Love**നു് ജാതിമതമില്ല. അച്ഛൻെറ സമ്മതം മാത്രം വാങ്ങിത്തന്നാൽ മതി. എത്രവേണമെങ്കിലും കാത്തിരിക്കാം. ഉത്തരം **yes** വേണം.

**Latha** : ആഹാ! എന്തൊരു ധൈര്യം. ധിക്കാരി. (ദേവൻ കയറിവരുന്നു) ഇവൾ പറയുന്നതു കേട്ടില്ലെ?

**Devan** : എന്താ?

**Latha** : നിങ്ങളുടെയല്ലെ മകൾ. എങ്ങനെ പറയാതിരിക്കും?

**Devan** : (ഓമന അകത്തേയ്ക്കു പോകുന്നു) എന്താ നീ പറയുന്നത്.

**Latha** : ഓ... എന്തൊരു മാന്യൻ.. എന്തൊരു നടിപ്പ്.

**Devan** : കാര്യമെന്താ?

**Latha** : ഒന്നും അറിയാത്ത ഒരു മനുഷ്യൻ.

**Devan** : നീ കാര്യം പറയുന്നോ?

**Latha** : ഞാനിവിടെ ഇല്ലാത്തപ്പോൾ നിങ്ങളെവിടെയെല്ലാം പോയിരുന്നു?

**Devan** : എന്ത് എവിടെയെല്ലാം? ജോലി, വീട്. മകളെ എന്നെ ഏൽപിച്ച് നീ തെണ്ടാൻ പോയതും പോരാ, ഒരു ചോദ്യം.

**Latha** : ചെയ്തതല്ല ചോദിച്ചതാ തെറ്റായത്.

**Devan** : ഞാൻ മനസ്സ് വിഷമിച്ചിരിക്കുമ്പോൾ, അവളുടെ ഒരു തോന്നിയവാസം പറച്ചിൽ.

**Latha** : എന്തു തോന്നിയവാസം. ഉള്ളതു പറയുമ്പോൾ തോന്നിയവാസം ആയി, അല്ലെ. ഞാനൊന്നും അറിഞ്ഞില്ല എന്നാ വിചാരം.

**Panchali** : (പ്രവേശിക്കുന്നു) ബഹളം വയ്ക്കാതെ. ആദ്യം പോയി **Mixi** ഒന്നു വാങ്ങി വരണം. കൈകൊണ്ടരയ്ക്കാൻ എനിക്ക് വയ്യ.

**Latha** : എന്തു വയ്യ. എല്ലാം പൊടിയിട്ടല്ലെ വയ്ക്കുന്നത്.

**Panchali** : അതെനിക്കു പിടിക്കില്ല. അരച്ചുവച്ചാലെ സ്വാദുള്ളൂ. പിന്നെ ചതയ്ക്കുന്നതു കൈകൊണ്ടു തന്നെ വേണ്ടേ. നിങ്ങൾക്ക് പൊടിയിട്ടു വച്ചു തരാം.

**Devan** : ഇതു വേറൊരു ശല്യം.

**Latha** : നിങ്ങളോടാരാ ഇങ്ങനത്തെ മെയിഡിനെ എടുക്കാൻ പറഞ്ഞത്, ഒന്നും നോക്കാതെ.

**Devan** : നിനക്കു ഇവിടെ നിന്നു നോക്കി ഒന്നിനെ എടുത്തിട്ട് പോകാമായിരുന്നില്ലെ, സർക്കീട്ടിനു്.

**Latha** : അതില്ലാത്തതുകൊണ്ട് ഗുണമുണ്ടായില്ലെ..

**Devan** : നിന്റെ **Non sence** എനിക്കു കേൾക്കണ്ട.

**Latha** : **Guilty conscience.**

**Panchali** : എന്നുവച്ചാലെന്താ.

**Latha** : ഒന്നും ഇല്ല. അതറിഞ്ഞേ പറ്റൂ.(ദേവനെ കൈയ്യിൽ പിടിച്ചുവലിച്ച് അകത്തേക്കു കൊണ്ടുപോകുന്നു)

**Panchali** : ഞാൻ പറഞ്ഞതു വല്ലതും പുറത്തു വന്നോ എന്തോ. വന്നാ വരട്ടെ. ഏറിയാൽ ഇട്ടെറിഞ്ഞുപോകുന്നതു തന്നെ.

**Devan** : (ദേഷ്യത്തിൽ പുറത്തേയ്ക്കു വരുന്നു) ഏതു പെണ്ണാ ഇവിടെ വന്നത്.

**Panchali** : പെണ്ണോ?

**Devan** : അതെ. പെണ്ണ്. ലതി ഇല്ലാത്തപ്പൊ.

**Panchali** : എനിക്കറിയില്ല. ഞാനാരേം കണ്ടില്ല.

**Devan** : ആണുങ്ങളെ രണ്ടു കണ്ണും അടച്ചു വിശ്വസിക്കരുത്. ഒരു കണ്ണ് എപ്പോഴും തുറന്നിരിക്കണം. എന്റെ മോളുടെ രണ്ടാനമ്മ വരുമായിരുന്നു.. എന്നൊക്കെ ലതിയോടു പറഞ്ഞത്.

**Panchali** : ആരാ പറഞ്ഞത്. എനിക്കൊന്നറിയണം.

**Latha** : ആരാ പറഞ്ഞതെന്നോ, മറന്നുപോയൊ, നീ? (തിരിഞ്ഞു നോക്കിയപ്പോഴേക്ക് പാഞ്ചാലി ഓടി അകത്തേയ്ക്ക് പോയി)

(രണ്ടുപേരും തമ്മിൽ നോക്കുന്നു. ആളെ കാണാത്തതു കൊണ്ടു ചിരിക്കുന്നു)

**Devan** : ഇപ്പോൾ നീ എന്തു പറയുന്നു?

**Latha** : പാഞ്ചാലിയെക്കൊണ്ട് ഏതെങ്കിലും അസൂയക്കാർ പറയിച്ചതായിരിക്കും. നിങ്ങളെ ഞാൻ തെറ്റിദ്ധരിച്ചത് വലിയ കഷ്ടമായിപ്പോയി. **Sorry** മാപ്പ്.

**Devan** : ഇനി മകളുടെ കാര്യത്തിലേക്കു കടക്കാം. (പാഞ്ചാലി എത്തിനോക്കിപോകുന്നു)

**Latha** : അവൾ അനുസരിക്കുന്ന ലക്ഷണമില്ല. നമ്മൾ വിട്ടുകൊടുക്കുന്നതാണ് നല്ലത്.

**Devan** : ആളുകളുടെ മുഖത്തെങ്ങനെ നോക്കും.

**Latha** : നിങ്ങൾ വെറുതെ പ്രസംഗിക്കുന്നത് അല്ല, എന്നു ആളുകളെ ബോദ്ധ്യപ്പെടുത്താമല്ലൊ. എനിക്കു ഇഷ്ടമുണ്ടായിട്ടല്ല. വെറുതെ ബഹളം വയ്ക്കണ്ട. അതു കൊണ്ട് കാര്യമില്ലെന്നു തീർച്ച.

**Devan** : ശരിയാ. അവൾ നമ്മളുടെ ഏക മകളല്ലെ. നമുക്കൊരു വിരോധവുമില്ല എന്ന നിലയിൽ കല്ല്യാണം അങ്ങ് നടത്തിക്കൊടുക്കാം.

**Panchali** : (ഓടിവന്ന്) ഞാനും അതുതന്നെയാ പറഞ്ഞത്.

With all best wishes from

*Venugopal Kurup & Family*

With Best Compliments from

*Dr & Mrs K A Abraham*

Warmest Onam Greetings from

*Dr Basanthi Sankaran*

Best Wishes from

*Dr & Mrs M G John*

Happy Onam and Warm Greetings from the USA

*Mark and Prabha*

All the Best from

*Jim Mohan Anthony*

# ഏഷണി പരമു

## വിനോദഭാവന

സി. ഷൺമുഖൻ

വേലു അപ്പൂപ്പൻ പുരപ്പുറത്തിരുന്നു ചെത്ത പിടിച്ച ഓലകളെല്ലാം വെട്ടിമാറ്റുകയായിരുന്നു, പുത്തോല മേയുന്നതിനുവേണ്ടി. എലി, പല്ലി, പാറ്റാ, ചിലന്തി, തേള് ഇതിൻെറയൊക്കെ ശല്യം വീട്ടുകാരെ വല്ലാതെ അലട്ടുകയായിരുന്നു. പഴയ ഓലകൾ മാറ്റി പുത്തോല മേയുമ്പോഴാണല്ലൊ വീടു വെടിപ്പാക്കുന്നത്, വിശേഷിച്ചും മേൽപ്പുര. പഴയ ഓലകൾ മാറ്റുമ്പോൾ പ്രത്യക്ഷപ്പെടുന്ന എലികളെ അടിച്ചുകൊല്ലാൻ പതിനാറു വയസ്സുള്ള ചെറുപ്പക്കാരി കൊച്ചപ്പി യെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇതുപോലുള്ള ജോലികൾക്കു കൊച്ചപ്പി സാമർത്ഥ്യശാലിയാണെന്ന് പാച്ചിയമ്മയ്ക്കറിയാം. ഒരു വലിയ വടിയും അവളെ ഏൽപിച്ചിട്ടുണ്ട്. പല എലികളും മുകളിൽ നിന്നും ചാടി കൊച്ചപ്പിയുടെ തൊട്ടടുത്തുകൂടി ഓടിയിട്ടും, അടിച്ച അടികളെല്ലാം പാഴായതല്ലാതെ ഒന്നും കുറിയ്ക്കു കൊണ്ടില്ല. എലികൾ മുകളിൽ നിന്നും ചാടി കൊച്ചപ്പിയുടെ മുമ്പിൽ കൂടി തുരുതുരെ ഓടുകയാണു്. കമ്പുകൊണ്ട് എലിയെ അടിച്ചപ്പോൾ കൈയ്യ് വേദനിച്ചതല്ലാതെ എലിയെ കിട്ടിയില്ല. എലികൾ മിന്നൽ വേഗത്തിൽ ഓടുകയാണു്. പെണ്ണിനെ കളിയാക്കുന്നതുപോലെ. ഇതു കണ്ടപ്പോൾ അവൾക്കു സഹിച്ചില്ല. അവൾ വാശിപിടിച്ചുനിൽക്കുകയാണു്. അതാ.... പഴയ ഓലകൾ വെട്ടി താഴെയിറക്കുന്ന ബധിരനും ഊമയുമായ വേലു അപ്പൂപ്പൻെറ തൊട്ടുതാഴെ ഒരെലി. കൊച്ചപ്പി അങ്ങോട്ട് പോയി. കിട്ടിയ അവസരം പാഴാക്കാതെ നാലഞ്ചടി ഒറ്റ മൂച്ചിനങ്ങു പാസാക്കി. വേലു അപ്പൂപ്പൻ ഊമയായതുകൊണ്ട് ഒന്നു ഞരങ്ങിയതല്ലാതെ നിലവിളിയ്ക്കാൻ കഴിഞ്ഞില്ല. എലി ഓടാതിരുന്നപ്പോൾ പെണ്ണിനു വാശി കൂടി. അതിൻെറ ഫലമോ..... വലിയൊരു ഞരക്കത്തോടെ വേലു അപ്പൂപ്പൻ പുരപ്പുറത്തുനിന്നും താഴെ വീണു. അപ്പോഴാണവളറിയുന്നത്. അത്രയും നേരം അവളടിച്ചത് എലിയെ ആയിരുന്നില്ല എന്നു്. വേലു അപ്പൂപ്പൻെറ കൗപീനത്തിനു സ്ഥലം മാറ്റം കിട്ടിയ വിവരം അവൾക്കെങ്ങിനെ അറിയാം.. കൗപീനം ധരിക്കുന്നവർ സൂക്ഷിയ്ക്കേണ്ടതല്ലെ. ഏതായാലും കൊച്ചപ്പിയെ ഏൽപിച്ച കൃത്യം പൂർണ്ണമായും നിറവേറ്റിയിട്ടുണ്ട്. ഒരെണ്ണത്തിനെ വിടാതെ അടിച്ചു വീഴ്ത്തണം. അതായിരുന്നു നിർദ്ദേശം. അപ്രകാരം ഒരെണ്ണത്തിനെയെങ്കിലും അവളടിച്ചു വീഴ്ത്തിയിട്ടുണ്ട്. അഭിനന്ദിയ്ക്കേണ്ടതല്ലെ. അറിഞ്ഞവരെല്ലാം ഓടിയെത്തി. വേലു അപ്പൂപ്പൻ അവശനായി കിടക്കുകയാണ്. പെണ്ണിനെ കുറ്റം പറയാനൊക്കുമോ?..... ''എടി കൊച്ചപ്പി..... എലിയെ അടിയ്ക്കാനല്ലെ നിന്നെ ഇവിടെ നിറുത്തിയത്? നീ ഏതു വിചാരിച്ചു കാണുന്നതിലൊക്കെയിട്ടടിച്ചു?''. പാച്ചിയമ്മ അരിശം കൊണ്ടു വിറയ്ക്കുകയാണ്. എങ്ങനെ വിറയ്ക്കാതിരിയ്ക്കും. അച്ചൻെറ സ്വന്ത അനുജനാണ് താഴെ കിടക്കുന്നത്. ''എനിക്കെങ്ങനെ അറിയാം.... ഞാൻ വിചാരിച്ചു അതെലിയാണെന്ന്''. സംഗതി ശരിയല്ലെ. കൊച്ചുപിള്ളേർക്കെന്തറിയാം. ''പാച്ചിയമ്മ അങ്ങനെയങ്ങ് തുള്ളണ്ട. എലിയെ പിടിച്ചില്ലെങ്കി.... അതിനു കുറ്റം. എലിയെന്ന് കരുതി വേറെ ഏതിലെങ്കിലും ഒന്നു തട്ടിപ്പോയാ... അതിനു കുറ്റം... എന്താ...ാ..ാ... ഇതിൻേറക്ക അർത്ഥം.... പാച്ചിയമ്മ എന്തിൻെറ കളിയാ ഈ കാട്ടുന്നേ.... അല്ല. ഞാനറിയാണ്ട് ചോദിയ്ക്കാ''. ചന്തു അമ്മാവൻ സഹായത്തിനെത്തിയപ്പോൾ കൊച്ചപ്പിയൊന്നാശ്വസിച്ചു. കണ്ണുനീർ തുടച്ചു വെടിപ്പാക്കി. ''ദേ.... ചന്തു അണ്ണൻ എടയിൽ കേറണ്ട. ചന്തു അണ്ണന... ഇതുപോലാരെങ്കിലും ചെയ്താ...എങ്ങനെയിരിയ്ക്കും'' പാച്ചിയമ്മ വിട്ടുകൊടുത്തില്ല. ''അടിയ്ക്കമ്പളാ മട്ട്. അപ്പഴ് നോക്കാം....'' ''ചന്തു അണ്ണൻ... ചന്തു അണ്ണൻെറ പണി നോക്ക്. ഞങ്ങള കാര്യത്തിലെടപെടണ്ട.''

''ഞാൻ പിന്നെ നിൻെറ പണിയാ നോക്കണെ...? അതിനെന്നെക്കൊണ്ടാവില്ല.''

അനാവശ്യം പറഞ്ഞങ്ങ് കൊഴുത്തുപോയി. ചോദിയ്ക്കാനാളില്ലാഞ്ഞിട്ടൊന്നുമല്ല''

''എന്താടി പെണ്ണേ... ഈ പറേണത്. പെണ്ണാണെന്ന് കരുതി. ഏതിലും അങ്ങുകേറി കൈയ് വെയ്ക്കാൻ നോക്കണ്ട'' ചന്തു ആശാനും വിട്ടുകൊടുത്തില്ല. ''നിങ്ങളിഞ്ഞന തർക്കിയ്ക്കാൻ തുടങ്ങിയാലേ.... മൂപ്പിലാനിപ്പ കാലിയാകും... മുഴുക്ക നീരടിച്ചു തുടങ്ങീട്ടൊണ്ട്. ഏതെങ്കിലും ഒന്നു ചെയ്യിൻ. ''കൂട്ടത്തിലാർക്കോ സഹതാപം തോന്നി. ''രണ്ടാളും ചേർന്നു നിറുത്താതെയങ്ങു തൊടങ്ങി

യാലൊ. അതു നന്നാവില്ല. ആരെങ്കിലും ഒന്നു വിട്ടുകൊടുക്കിൻ''. കോഴിപിടിയൻ കോലപ്പൻ മുന്നോട്ടു വന്നു. ''അതിനു ഞാൻ തന്ന വേണോ... ആദ്യം വിടാൻ. അങ്ങോട്ട് കേറി പറ''. ചന്തു ആശാൻ ഒഴിഞ്ഞുമാറാൻ നോക്കുകയാണ്. ഒരു സ്ത്രീയോടെ ങ്ങിനെ തോൽക്കും. വിശേഷിച്ചും ബദ്ധവൈരികൾ. പാച്ചിയമ്മയുടെ അച്ഛൻെറ അനന്തിരവനാണ് ചന്തു ആശാൻ. കൊച്ചപ്പി ചന്തു ആശാൻെറ അനുജൻെറ മകൾ. പത്തു വയസ്സായ കുഞ്ഞുണ്ണിമോൻ പാച്ചിയമ്മ യുടെ ഇളയ മകനാണ്. ഇവരെല്ലാം ബന്ധുക്കളാണെ ങ്കിലും ബദ്ധവൈരികളാണ്. സന്ദർഭം കിട്ടുമ്പോ ഴൊക്കെ പരസ്പരം ചെളിവാരിയെറിഞ്ഞു സന്തോഷി പ്പിയ്ക്കാറുണ്ട്. ''ആരെങ്കിലും ഒന്നു ആദ്യം വിട്ടാലല്ലെ പിന്നെ മറ്റുള്ളവർക്കു വിടാൻ പറ്റൂ.. എന്താ പാച്ചി യമ്മെ... പറേണതു കേക്കണെണ്ടാ.'' ''ഞാൻ തെറ്റുകാരി യല്ലെന്നു കോലപ്പ അണ്ണനറിയാം. പിന്നെ ഞാനെ ങ്ങിനെ സഹിയ്ക്കും''.

''തെറ്റും ശരിയും നോക്കണ്ട സമയമാണൊ ഇത്. അതക്ക നമ്മളൊണ്ടാക്കണതല്ലെ. ദേ...താഴ കെടക്കണതു കണ്ടാ...പാച്ചിയമ്മേട ചെറിയച്ചനല്ലെ അത്'' കോഴിപിടിയൻ കോലപ്പൻ രംഗം ശാന്തമാ ക്കാൻ ശ്രമിയ്ക്കുകയാണ്. ''ചേച്ചി, അപ്പന അടി ച്ചെങ്കി... അതു കണക്കായിപോയി... അപ്പനതു വേണം. അപ്പുപ്പൻ ആളിച്ചിരി ചണ്ടിയാ''. പത്തുവയ സായ കുഞ്ഞുണ്ണി മോനാണത് പറഞ്ഞത്. ''ചീ പോടാ.... എലിയെന്നു് കരുതിയാ... ഞാനടിച്ചത്'' കൊച്ചപ്പി വിട്ടുകൊടുത്തില്ല. കുഞ്ഞുണ്ണിമോൾ പറഞ്ഞ തുകേട്ടപ്പോൾ പാച്ചിയമ്മയ്ക്കു വീണ്ടും കലി കയറി. ''എടീ, ചെറിയച്ചനു പെണ്ണും മക്കളും ഇല്ലാത്തതു നിൻെറ നല്ലകാലം. ഒണ്ടായിരുന്നെങ്കി... അവരിപ്പ നിന്ന കാണിച്ചുതന്നന.''പാച്ചിയമ്മ മുന്നറിയിപ്പ് നൽകി. ''ഒന്നു ചുമ്മാ ഇരി പാച്ചിയമ്മെ... അങ്ങനെ യങ്ങ് മോളില് കേറണ്ട. കൊച്ചമ്മാവനപ്പറ്റി എനിയ്ക്കും ഇച്ചിരി അറിയാം. അതിനി പറഞ്ഞു നാണം കെടുത്തണ്ട''. ചന്തു ആശാൻ വിട്ടുകൊടു ത്തില്ല. ''അവരൊരു സ്ത്രീയല്ലെ ചന്തു ആശാനെ... ഒന്നങ്ങ് വിട്ടുകൊട്. രണ്ടാളും ചേർന്നു് തുമ്പില്ലാതെ യങ്ങ് തൊടങ്ങിയാലോ... അതു നന്നാവില്ല. ഏതിനും അങ്ങ് തർക്കിക്കാൻ തൊടങ്ങിയാല്.. കഷ്ടമല്ലെ''. കോഴിപിടിയൻെറ അഭിപ്രായമാണത്. ''ആർക്കാടാ തുമ്പില്ലാത്തത്. സ്ത്രീയെന്നു് കരുതി അങ്ങ് വിട്ടുകൊടുത്താലെ,,, പിന്നെ തുമ്പത്താകേറി ഇരികാ '' പാച്ചിയമ്മയക്ക് സങ്കടം മറ്റൊന്നുമല്ല. ഉടനെ ആശുപത്രിയിലാക്കണം. പിന്നെ ആരെങ്കിലും കൂടെ ഇരിക്കണം. ഇതിനൊക്കെ പൈസ മുടക്കാനാരെ കിട്ടും. ഓർത്തപ്പോൾ പാച്ചിയമ്മയുടെ ചങ്കു പൊട്ടി പ്പോയി. പാച്ചിയമ്മ അരിശം കൊള്ളുന്നിലെന്താണ് തെറ്റ്. ''അങ്ങനാണെങ്കിലേ ചന്തു ആശാനെ കൊച്ചപ്പി യല്ലെ അടിച്ചത്. അപ്പഴവള് നോക്കട്ടെ'' ''ഉം.... അതു നേരാ.. കൊച്ചപ്പി നോക്കാമെന്നേറ്റിട്ട്, പൊട്ട മ്മാവന തൂക്കിയാ മതി. അല്ലെങ്കി... തൂക്കി കുഴിയിലിടാം.''

''ചന്തു ആശാൻ ഇപ്പറഞ്ഞതു ശരിയായില്ല.'' കോഴിപിടിയൻ എപ്പോഴും പാച്ചിയമ്മയുടെ വശ മാണ്.

''പിന്നെ ഏതാ ശരിയെന്നു് താൻ തന്നെ യങ്ങ് പറഞ്ഞെ''.

ചന്തു ആശാൻ ആർക്കും വിട്ടുകൊടുക്കാറില്ല. പഴയ വൈരാഗ്യം ചന്തു ആശാനെ വല്ലാതെ അലട്ടുകയാണ്. പാച്ചിയമ്മയുടെ അച്ഛൻ ചെയ്ത മോശടി. ആ നെറികെട്ട മനുഷ്യൻ ചത്തിട്ടുപോലും ചന്തു ആശാൻെറ വൈരാഗ്യം തീർന്നില്ല. മുപ്പതു വർഷങ്ങൾക്കു മുമ്പ്, ചെറുപ്പക്കാരനായ ചന്തു സ്ഥലത്തില്ലായിരുന്ന അവസരം നോക്കി വയസ്സനായ അച്ചനെ കബളിപ്പിച്ച് തങ്ങളുടെ കുടുംബ സ്വത്തെല്ലാം അപഹരിച്ച ചതിയനാണ് പാച്ചിയമ്മ യുടെ അച്ഛൻ പരമു ആശാൻ. ഏഷണിക്കാരനെന്നു് നാട്ടുകാരു് നല്ലൊരു പേരും കൊടുത്തിട്ടുണ്ട്. അടി പെട്ട് താഴെ കിടക്കുന്ന കൊച്ചമ്മാവനും ആളൊട്ടും മോശമായിരുന്നില്ല. പൊട്ടനായിരുന്നിട്ടും തന്നാലാവു ന്നത് അയാളും ചെയ്തിട്ടുണ്ട്. പൊട്ടൻെറ ഭാഷയിൽ പല്ലിളിച്ചു കാട്ടി പലതും പെറുക്കി എറിഞ്ഞു അച്ഛനെ ഉപദ്രവിച്ചിട്ടുണ്ട്.

''ഇവരൊക്കെ ചേർന്നു് പണ്ട് ചെയ്ത ശീമത്തരം എങ്ങനാ മറകാ? അതിനാരെങ്കിലും ഒന്നു മറുപടി പറഞ്ഞാട്ടെ. ഒപ്പം കൂടി നടന്ന പാച്ചിയെ പിരിച്ച ചതിയനാണ് താഴ കിടക്കണത്. പുടവ കൊടുക്കാത്തതായിരുന്നു മീതി കുറെക്കാലം ഞങ്ങളെ കണ്ണുനീരു കുടിപ്പിച്ചില്ലെ. ദു:ഖം സഹിക്ക വയ്യാതായപ്പഴല്ലെ ഞാൻ നാടുവിട്ടു പോയത്. പത്തു വർഷം കഴിഞ്ഞ് തിരിച്ചുവന്നപ്പളെന്തായി. ഒരുത്തൻ പാച്ചിയ്ക്കു മൂന്നു മക്കളെ കൊടുത്തിട്ടു കണ്ണുമൂടി. ഈ കെടക്കണ പൊട്ടനും ചേർന്നല്ലെ ശീമത്തരങ്ങ ളൊക്കെ ചെയ്തത്. ഞാൻ ഭയന്നിട്ടു ഓടിയെന്നാണ് പാച്ചി ഇപ്പളും പറേണത്. അങ്ങനായിരുന്നെങ്കി... എനിയ്ക്കു വേറെ കെട്ടാമായിരുന്നില്ലെ. ഞാൻ ഇമ്മിണി വാശിക്കാരനാ.... വേറെ ആർക്കും അതില്ല.''

''അങ്ങനാണെങ്കിലേ ചന്തു അണ്ണാ, നാലാ മത്ത മോൻ കുഞ്ഞുണ്ണി ഏതാ?...''

''നീ കോലപ്പനോട് പോയി ചോദിയ് ക്കെടാ.. തെമ്മാടി. നാട്ടുകാരുടെ കാര്യം അറിഞ്ഞിട്ട്,

നെനക്കിപ്പ എന്താടാ വേണ്ടത്?'' ആ താഴ കെടക്കണ പൊട്ടനും ചേർന്നല്ലെ ഈ കുട്ടീശരങ്ങളൊക്കെ ചെയ്തത്? ഇമ്മിണി വലിയ്ക്കട്ട്''

''ഒക്ക നേരു തന്നെ ചന്തു അണ്ണ. അതൊക്കെ നാട്ടുകാർക്കറിയാം. അതിനി പറഞ്ഞിട്ടെന്താ കാര്യം. കാലം കൊറെ ആയില്ലെ. എല്ലാരും ചേർന്നു് ഏതെങ്കിലും ഒന്നു ചെയ്യിൻ. ചില്ലറ അടിയൊന്നുമല്ല കൊച്ചപ്പി അടിച്ചത്. ഒക്കെ നാശമായിരികാ. ചന്തു അണ്ണൻ ഇനി ഒന്നും ചിന്തിയ്ക്കണ്ട. താഴെ കെടക്കണ പൊട്ടനെയൊന്നു പൊക്കി എടുക്കാം. വരൂന്നെ. അയാള് വലിയ്ക്കണ വലി കണ്ടാ''...

പാച്ചിയമ്മയുടെ അച്ഛൻ പരമു അമ്മാവൻെറ കഴിഞ്ഞകാലത്തെപ്പറ്റി ഒന്നോർത്തുപോയി. അമ്മാവൻ മരിച്ചിട്ടു പത്തു വർഷമായെങ്കിലും, നാട്ടുകാർക്ക് ഇന്നും അയാളെ ഭയമാണ്. ഇന്നും അയാളുടെ പേരു പറഞ്ഞാണ് കുട്ടികളെ ഭയപ്പെടുത്തുന്നത്. അമ്മാവൻ മരിയ്ക്കുന്നതിനും നാലഞ്ചു വർഷങ്ങൾക്കു മുമ്പ് നടന്ന ഒരു സംഭവം ഇന്നും എൻെറ ഓർമ്മയിൽ നിന്നും മായുന്നില്ല. അമ്മാവൻ ഏതു ചായക്കടയിൽ കയറി എന്തു കഴിച്ചാലും പൈസ കൊടുക്കാറില്ല. പൈസ ആവശ്യപ്പെടുന്നവൻെറ ചായക്കച്ചവടം നീണ്ടു പോയിട്ടില്ല. ഇതറിയാവുന്ന പലരും ഭാഗ്യം പരീക്ഷി ക്കാറില്ല. ഒരു ദിവസം ഒരു കടയിൽ കയറി വേണ്ടുവോളം അകത്താക്കി. പൈസ കൊടുക്കാതെ പോകാനിറങ്ങിയപ്പോൾ കടക്കാരൻ ഗോപാലൻെറ മകൻ വിളിച്ചു ''അമ്മാവാ... പൈസ കൊടുത്തിട്ടു പോണം''.

''എത്ര പൈസ?''

''ഒരു രൂപാ എമ്പത്തഞ്ച് പൈസ''

''നിൻെറ അച്ഛൻ വരുമ്പള്... നീ പറ... പരമു അമ്മാവൻ പൈസ തന്നില്ലെന്നു''...

''എനിയ്ക്കു നിങ്ങളെ അറിയില്ല. അച്ഛൻ വരുന്നതു വരെ കടയ്ക്കകത്തിരുന്നൊ. വന്നിട്ടു പോയാമതി''.

പരമു ആശാനു് വല്ലാത്ത പ്രയാസം തോന്നി. ഇതുവരെ തന്നോടാരും ഇങ്ങനെ പ്രവർത്തിച്ചിട്ടില്ല. വിശേഷിച്ചും മറ്റുള്ളവരുടെ മുമ്പിൽവെച്ച്. പൈസ ഇല്ലാത്തതു കൊണ്ടല്ല. കൊടുത്തു ശീലിച്ചിട്ടില്ല. ഇതുവരെ തന്നോടാരും ആവശ്യപ്പെട്ടിട്ടുമില്ല. ആവശ്യ പെട്ടതിനുശേഷം കൊടുക്കുന്നത് അരൂപന്തിയല്ല. തടഞ്ഞുനിറുത്തി വാങ്ങിയെന്നു പറയും. അതു മഹാമോശം.

''പരമു ആശാനങ്ങ് പോട്ട്. പൈസ പിന്നെ തരും'' വിളമ്പുകാരൻ ഭാസ്കരൻ പറഞ്ഞു. അയാൾക്ക് പരമു ആശാനെപ്പറ്റി ശരിയ്ക്കറിയാം.

''അതു വേണ്ട... പൈസ ഇല്ലെങ്കിലു്.. അയാളവിടിരിയ്ക്കട്ട്... അച്ഛൻ വന്നിട്ടുപോയാമതി. താൻ തൻെറ പണി നോക്ക്.'' പയ്യൻ തീർത്തു തന്നെ പറഞ്ഞു.

പരമു ആശാൻെറ വിരോധികൾക്കു വളരെ സന്തോഷമായി. നേരിട്ടവരാരും എതിർക്കുന്നില്ലെ ങ്കിലും മറ്റുള്ളവർ എതിർക്കുന്നത് കേട്ടു രസിയ്ക്കുന്ന തിൽ തെറ്റില്ലല്ലൊ. പരമു ആശാനെ പിണക്കുന്നത് അപകടമാണെന്നു് നാട്ടുകാർക്കൊക്കെ അറിയാം. അതുകൊണ്ട് ആരും അതിനു തുനിയാറില്ല. ഒരു കൊച്ചുപയ്യൻ തുനിഞ്ഞിറങ്ങിയിരിയ്ക്കുകയാണ്. വരാൻ പോകുന്ന കാര്യങ്ങൾ കണ്ടുതന്നെ അറിയണം.

''ആശാനങ്ങ് പോട്ട്. പൈസ ഞാൻ തരാം.''

നാട്ടുകരൊക്കെ വിരോധികളാണെങ്കിലും കൂട്ട ത്തിലൊരാൾ മുന്നോട്ടു വന്നു. പരമു ആശാൻ അയാളെയൊന്നു നോക്കി പുഞ്ചിരിച്ചു. അയാളിനി ഭയക്കേണ്ട ആവശ്യമില്ല. പുറത്തുപോകുന്നതിനു മുമ്പ് അമ്മാവൻ കടക്കാരൻ പയ്യനെ നോക്കിയൊന്നു ചിരിച്ചു. അതിൻെറ അർത്ഥം എന്താണെന്നു് ആർക്കും പിടികിട്ടിയില്ല. അതുപോലായിരുന്നു ആ ചിരിയുടെ ഭാവം.

''എങ്കിലും നീ ചെയ്തതു... ഇച്ചിരികടന്നു പോയി. ഇതു വേണ്ടായിരുന്നു.''

''കോവിയണ്ണൻ ചുമ്മായിരി. ഒരു ചുക്കും വരാനില്ല.''

''അതല്ലടാ... നെനക്കയാളെപ്പറ്റി അറിയില്ല''...

''ഒന്നു ചുമ്മാ ഇരിയണ്ണാ... ആരും എതിർക്കാ ഞ്ഞിട്ടാ.... അയാള് തലേല് കേറണത്.'' ചെറുക്ക ൻെറ ധൈര്യത്തെ പലരും പുകഴ്ത്തി.

ആ സംഭവത്തിനുശേഷം പരമു ആശാൻ തുടർച്ചയായി അതേ ചായക്കടയിൽ പോകാറുണ്ട്. മാത്രമല്ല... എന്തു കഴിച്ചും ഉടൻതന്നെ പൈസ കൊടുക്കും. പരമു ആശാനെ ഇങ്ങനെ മാറ്റിയതിൽ ചായക്കടക്കാരൻ ഗോപാലൻെറ മകൻ സുധാകരനെ പലരും അഭിനന്ദിക്കാൻ തുടങ്ങി. കോളേജ് വിദ്യാർ ത്ഥിയായ സുധാകരൻ ജയഭേരിയടിച്ചു നടക്കുക യാണ്. ഒരു സാധാരണക്കാരനെയല്ല തലകുനിയി ച്ചത്. മകൻെറ സാമർത്ഥ്യത്തിൽ ഗോപാലനും വളരെ സന്തോഷിച്ചു.

കടയിൽ ശരിയ്ക്കു വ്യാപാരം നടക്കുന്ന ദിവസങ്ങളേതൊക്കെയാണെന്ന് പരമു ആശാന റിയാം. വൈകുന്നേരം അഞ്ചുമണിയ്ക്കുമേൽ കട

യിൽ വലിയ തിരക്കുളള സമയമാണ്. ഗോപാലൻെറ അപ്പവും കോഴിയിറച്ചിയും തിന്നാൻ. ഒരു ദിവസം വളരെ തിരക്കുളള സമയം നോക്കി പരമു ആശാൻ കടയിൽ കയറി. വളരെ തിരക്കാണെങ്കിലും ആശാനൊരിടം കിട്ടി. ഏറ്റവും പിറകിൽ. ഒരു പയ്യൻ അപ്പവും കോഴിയിറച്ചിയും മേശപ്പുറത്തു വച്ചു, ആശാൻെറ മുമ്പിൽ. ആശാൻ കുറെയൊക്കെ ഭക്ഷിച്ചു. അതിനുശേഷം ആശാനെ ആരും ശ്രദ്ധിയ്ക്കുന്നില്ലെന്നറിഞ്ഞപ്പോൾ, പതുക്കെ ഉടുമുന്തിയിൽ കൈയ് കടത്തി ചെറിയ ഒരു പൊതി വെളിയിലെടുത്തു. അതിനകത്തുണ്ടായിരുന്ന സാധനം ഇറച്ചിയിൽ മുക്കി. എന്നിട്ട് ആ സാധനം എടുത്തു മേശപ്പുറത്തിട്ടതിനു ശേഷം ഉച്ചത്തിലൊരു വിളി. ''എടാ കോവാലാ... എന്താടാ നിൻെറ ഉദ്ദേശം... ജനങ്ങളെയെല്ലാം പല്ലി വിഷം കൊടുത്ത് കൊല്ലാൻ തന്ന തീരുമാനിച്ചാ. ജനപ്പെരുപ്പം തടയാൻ നിൻെറ ഈ പണി വേണ്ട. അതു സർക്കാരിനറിയാം... ഏതു പണിയാ നല്ലതെന്ന്.''

''എന്താണമ്മാവാ''... കൂട്ടത്തിലൊരാൾ ചോദിച്ചു.

''ദാ നോക്ക്, എനിയ്ക്കു കിട്ടിയ പല്ലിയാ ഇത്. എണ്ണയില് കെടന്നങ്ങ് വെന്ത് കറുത്തിരിക്വാ. ഇതുപോല ആർക്കെല്ലാം കിട്ടിക്കാണും. എവൻേറക്ക ഉദ്ദേശം എന്താണെന്ന്... അങ്ങോട്ട് കേറി ചോദിയ്ക്ക്'' കടയ്ക്കുളളിൽ ആകെ ബഹളമായി. ഗോപാലൻ അമ്പരപ്പോടെ ഓരോരുത്തരെയും നോക്കി. കൈയ്യേറ്റം നടത്തുമോ... അതാണയാളുടെ ഭയം. തൊണ്ടയിൽ വിരൽ കടത്തി പലരും ആവുന്നത്ര ശ്രമിക്കുകയാണ്. അകത്തു പോയ പല്ലിവിഷം പുറത്തുകൊണ്ടുവരാൻ. ജീവനെ രക്ഷിയ്ക്കാൻ പലരും വളരെ പണിപ്പെടുകയാണ്. ഛർദ്ദിച്ചവശരായവരെ ആശുപത്രിയിലാക്കുന്നതിനു് മാനുഷിക സേവാസംഘം ശ്രമം നടത്തുകയാണ്. എല്ലാ ചിലവുകളും ഗോപാലൻ കൊടുക്കാമെന്നേറ്റിട്ടുണ്ട്. ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ സേവാസംഘക്കാർ വളരെ പണിപ്പെടുകയാണ്. കൂട്ടത്തെ നിയന്ത്രിക്കുന്നതിനിടയിൽ സംഘക്കാർ ജനങ്ങളെ മർദ്ദിച്ചതായും പരാതിയുണ്ട്. മർദ്ദനം തങ്ങളുടെ അവകാശമാണെന്നും അതിൽ മറ്റാരും തന്നെ കൈയ് കടത്താൻ അനുവദിയ്ക്കില്ലെന്നും പോലീസ് മന്ത്രി കുക്കുടാനന്ദൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മർദ്ദനത്തിൻെറ അടിസ്ഥാനതത്വം മാത്രം മനസ്സിലാക്കിയിട്ടുളള പോലീസുകാർക്ക്, അതു പ്രവർത്തന പരിശീലനത്തിനുള്ള സന്ദർഭം നിഷേധിച്ചതിൽ പോലീസുകാരും ക്ഷുഭിതരായിരിയ്ക്കുകയാണ്. പോലീസിനെ തൊട്ടുകളിച്ചാൽ തൊട്ടവനെ തട്ടും. ഓർമ്മയിരിയ്ക്കട്ടെ. തങ്ങളുടെ അവകാശങ്ങളിൽ മറ്റാരും കൈയ് കടത്തരുത്. അതും ഓർമ്മയിരിയ്ക്കട്ടെ. ഇതിനിടയിൽ ചായക്കട ഗോപാലനെ തേടി പലരും അലയുകയാണ്. ഗോപാലൻ മുറിയ്ക്കകത്തു കതകും പൂട്ടി ഇരിപ്പായി. ഉപദ്രവിയ്ക്കില്ലെങ്കിൽ മുറിയിൽ നിന്നും പുറത്തുവരാമെന്ന് ഗോപാലൻ സമ്മതിച്ചിട്ടുണ്ട്. പരമു ആശാൻ വൈദ്യനെ കണ്ട് മരുന്നു വാങ്ങാനെന്ന മട്ടിൽ പോകാനുളള ഒരുക്കമാണ്. പോകുന്നതിനിടയിൽ മുറിയിൽ നിന്നും പുറത്തു വന്ന ഗോപാലനെ നോക്കി ''എൻെറ കോവാലാ.... ഇനിയെങ്കിലും നീയിത് ചെയ്യല്ലെ.... പാവങ്ങള് എങ്ങനേങ്കിലും പെഴച്ചോണ്ട് പോട്ട്. ചില്ലറ വെഷമൊന്നുമല്ല.... ഉളളില് പോയത്.'' പുണ്ണിലമ്പു തറയ്ക്കുന്നതുപോലെ പറഞ്ഞിട്ടങ്ങ് നടന്നകലുന്നയും ചെയ്തു.

സന്ധ്യ കഴിഞ്ഞപ്പോൾ പത്രപ്രതിനിധികൾ ഓരോരുത്തരായി വന്നുതുടങ്ങി. മുഖ്യമായും 'ധൂമകേതു', 'കോലാഹലം' എന്നീ ദിന പത്രങ്ങളുടെ പ്രതിനിധികൾ. 'അരക്ഷിതാവസ്ത' എന്ന പത്രത്തിൻെറ പ്രതിനിധി, മുഖ്യവാഹനമായ ചവിട്ട് വണ്ടിയ്ക്കു യാത്രയ്ക്കിടയിൽ തകരാറു് മൂലം കാറ്റ് പോയതിനാൽ ഇനിയും വന്നു ചേർന്നിട്ടില്ല. സൈക്കിളും ഉരുട്ടി വരുന്ന പ്രതിനിധിയെ പലരും കണ്ടതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്. അടുത്ത ദിവസത്തെ പത്രവാർത്തകൾ.

## 'ധൂമകേതു', 'ചമ്പക്കുഴി വാർത്തകൾ'

'ചമ്പക്കുഴിയിൽ ഗോപാലൻെറ ചായക്കടയിൽ നിന്നും പല്ലിവിഷം കലർന്ന കോഴിക്കറി കഴിച്ചതുകാരണം മുപ്പത്തെട്ടുപേർ ആശുപത്രിയിൽ. അതിൽ പതിനെട്ടുപേരുടെ നില ഗുരുതരം. വെന്തു കറുത്ത പല്ലിയെ കണ്ടെടുത്ത സ്ഥലത്തെ പ്രധാനിയും, 'നാടോടി' എന്ന രാഷ്ട്രീയ പാർട്ടിയുടെ അനുഭാവിയുമായ പന്നിക്കുഴിയിൽ പരമു ആശാനു് നമ്മുടെ മുഖ്യൻെറ അനുമോദനങ്ങൾ. ഇതുപോലുളള പരമു ആശാൻമാർ മുന്നോട്ടുവരണമെന്നും, തങ്ങൾക്കു ഭൂരിപക്ഷമുളള സ്ഥലങ്ങളിൽ ജനതുക കുറയാൻ അനുവദിച്ചുകൂടന്നും നമ്മുടെ മുഖ്യൻ വളരെ ക്ഷുഭിതനായി പ്രഖ്യാപിച്ചിട്ടുണ്ട്.

## 'കോലാഹലം' 'ചമ്പക്കുഴി വാർത്ത'

''ചായക്കച്ചവടം നിത്യതൊഴിലായി നടത്തും ഗോപാലൻെറ ''അപ്പത്തിൽ'' പല്ലിവിഷം.

''ഗോപാലനേതാടാ അപ്പം. നോക്കി അങ്ങോട്ട് ശരിയ്ക്ക് വായിയ്ക്കെടാ...'' ''ഗോപാലൻെറ കോഴിയിറച്ചിയിൽ പല്ലിവിഷം'' ''അങ്ങനെ അങ്ങോട്ട് നോക്കി വായിക്ക്'' ''പല്ലിവിഷം കലർന്ന കോഴിയിറച്ചി കഴിച്ചതിൽ നാൽപത്തിരണ്ടുപേർ

ആശുപത്രിയിൽ. ഗുരുതരാവസ്ഥയിൽ കഴിയുന്നവരുടെ എണ്ണം ഇനിയും നിർണ്ണയിച്ചിട്ടില്ല.''

## 'അരക്ഷിതാവസ്ത'

'ചാമ്പക്കുഴിയിൽ പല്ലിവിഷം.

പല്ലിവിഷം കലർന്ന കോഴിക്കറി അകത്താക്കിയതിൽ പലരും ആശുപത്രിയിൽ. ചായക്കട ഗോപാലൻ ഒളിവിൽ. പല്ലിയെ കണ്ടെടുത്ത പരമു ആശാൻ പകുതിയോളം അകത്താക്കിയശേഷമാണ് പല്ലിയാണെന്നറിഞ്ഞത്. അയാളുടെ നില ഗുരുതരം.

''ഏതിന്റെ അകത്താടാ ആക്കിയത്''

''എനിക്കറിയില്ലാ... ദാ... അമ്മാവൻ തന്ന അങ്ങോട്ട് വായിച്ചാട്ടെ....''

''വേണ്ട... നീ വായിച്ചാ മതി''.

''പല്ലിയുടെ അംശങ്ങൾ പലരും കണ്ടെടുത്തതായി വാർത്തയുണ്ട്. ഇതിൽനിന്നും മനസ്സിലാകുന്നത് ഒരു പല്ലിയല്ല, പല്ലികളുടെ സമൂഹം തന്നെ കുക്കുടമാംസത്തിൽ കലർന്നിട്ടുണ്ടെന്നാണ് വിദഗ്ദ്ധാഭിപ്രായം. പല്ലികളെ കണ്ടെടുത്തവർക്ക് നൽകുന്നതിനു്, നമ്മുടെ മുഖ്യൻ അനുമോദന പത്രങ്ങൾ തയ്യാറാക്കുന്നുണ്ട്. ആശുപത്രിയിൽ കഴിയുന്നവരുടെ കുടുംബ ചിലവ് ഗോപാലൻ വഹിയ്ക്കണമെന്നാണ് മുഖ്യന്റെ അഭിപ്രായം.''

ഒളിവിൽ പോയ ഗോപാലനെ പിന്നെ ആരും കണ്ടിട്ടില്ല. പല്ലിവിഷ സംഭവത്തിനുശേഷം, സഹവിദ്യാർത്ഥികൾ സുധാകരനോട് സഹകരിയ്ക്കാതായപ്പോൾ, നിരാശമൂലം വിദ്യാഭ്യാസം പൂർത്തിയാക്കാതെ പിരിയേണ്ടിവന്നു. വളരെക്കാലം അടച്ചിട്ടിരുന്ന ചായക്കട കുറഞ്ഞ വിലയ്ക്കാണ് വയലാർ... അതു വാങ്ങിയത്. എന്നിട്ടോ?.. തയ്യൽപാഠം പൂർത്തിയാക്കി തൊഴിലില്ലാതെ കറങ്ങിനടക്കുന്ന ചാക്കോ മേസ്തിരിയ്ക്കതു വാടകയ്ക്ക് കൊടുത്തു. വ്യാപാരമില്ലാതെ വാടക കൊടുക്കാൻ തരമില്ലെന്നായപ്പോൾ കിട്ടുന്നതിൽ പകുതി മതിയെന്ന് വയലാർ സമ്മതിച്ചു. ഇനി വേണ്ടതു പരസ്യം കൊടുക്കൽ. പരസ്യം കൊടുക്കാതെ കട തുറന്ന വിവരം നാട്ടുകാരെങ്ങിനാ അറിയുന്നത്. പരസ്യം കൊടുക്കാനും പൈസയില്ലാതായപ്പോൾ, വയലാറും കൂട്ടരും കടതിണ്ണയിൽ കൂട്ടം ചേർന്നിരുന്ന് ഉറക്കെ പാടാൻ തുടങ്ങി.

'നാൽക്കവലയിലെ തയ്യൽ-

കടയിൽ ചാക്കോ മേസ്തിരി-

തയ്ക്കുന്നു. കാറ്റത്താടും

തൊങ്ങലുടുപ്പുകൾ,

കാഴ്ചക്കാരെ വിളിയ്ക്കുന്നു'

എന്നു. അന്നുവരെ വസ്ത്രം ധരിയ്ക്കാതെ പലരെയും കണ്ണുപൊത്തിച്ച കൊച്ചുപെൺകുട്ടികൾക്കൊരനുഗ്രഹമായി. ''ഏതു മണ്ടനാടാ കണ്ണുപൊത്തിയത്''.

''ചന്തു ആശാൻ കുത്തിയിരുന്നങ്ങൊറങ്ങിയാലെങ്ങനാ...ആ വേണ്ടത് ചെയ്യിൻ...''

കണ്ണും പൂട്ടിയിരുന്ന ചന്തു ആശാനെ കോലപ്പൻ കുലുക്കിവിളിച്ചു.

''പരമു അമ്മാവൻ ഗോപാലന്റെ ചായക്കട അടപ്പിച്ചതെങ്ങനയാണെന്നു... ഞാനൊന്നോർത്തു പോയി. ഒരു രൂപാ എമ്പത്തഞ്ചു പൈസ ചെയ്ത വേല കണ്ടാ... ഒരു കുടുംബത്തെയല്ലെ നശിപ്പിച്ചത്''.

''ചന്തു ആശാൻ ഇപ്പറഞ്ഞത് ശരിയായില്ല. സന്ദർഭത്തിനാണ് വെല കൽപിയ്ക്കേണ്ടത്, പൈസയ്ക്കല്ല''

''ഏതോ... എനിയ്ക്കങ്ങനാ തോന്നിയത്. ആ ചതിയന്റെ അനിയനല്ലെ താഴെ കെടക്കണത്. ഇമ്മിണി വലിയ്ക്കട്ടെ''.

''അതിനി പറഞ്ഞിട്ട് കാര്യമില്ല, ചന്തു അണ്ണാ. അങ്ങോട്ടൊന്ന് നോക്കിയാട്ടെ... പാച്ചിയമ്മ കരേണതു കണ്ടില്ലെ. ഇനിയെങ്കിലും നിങ്ങളൊന്നു ചേരിൻ. കഴിഞ്ഞതൊക്കെ അങ്ങ് പോട്ടണ്ണാ, ആ കാലേലു് പിടിച്ച് തൂക്കിക്കേ.. എടുത്തു മോളിലു് കേറ്റ്... ഇവിട കെടന്നാ തണുപ്പടിയ്ക്കും. ഒക്കെ നാശമായി''. ചന്തു ആശാനും പാച്ചിയമ്മയും ഒത്തുചേർന്നു പൊട്ടമ്മാവനെ ആശുപത്രിയിലെത്തിയ്ക്കാൻ തന്നെ തീരുമാനിച്ചു.

# CHILD AND MAN

The mind of a free and innocent child
Can fathom a universe running wild
While the mind of a man moulded in schools
Can only claim nature with logic-kissed rules.

The mind of a child knows not disgrace
Sees human beings as of one race.
While the mind of a man with partial view
Picks and chooses, the many, the few.

The heart of a child before it is chained
Lives in a world where man once reigned.
While the heart of a man so bright and clever
Takes cold-blooded science for his lever.

The heart of a child has passion pure
Where needs are simple, desires are fewer.
While the heart of a man with logic cold
Has a view of life gone sour and cold.

The soul of a child is always free
To live and play in the great Mystery.
The soul of a child will soon enough
Become man-sized, contrived and tough.

*R Asokan, 42, is a traffic assistant at PSA. A number of his poems, which he writes as a serious hobby, have been published in Onopaharam as well as in Portview, the PSA newsletter. His favourite themes are human nature and the innocence of childhood.*

# *Acknowledgements*

The Executive Committee of the Singapore Kerala Association would like to thank the following for helping to realise Onopaharam '94:

Juria Banding of Graphic Details, for fine design, and unfailing professionalism and patience,

Lukman and Noor Siti Banding, also of Graphic Details, for their time, attention to detail and enthusiasm,

Mr Shyam, Sonams Printech for fast, efficient Malayalam typesetting,

YK Foo, Studio alpha for being so generous with his photographic talent,

Parvathy Nayar Narayan for artistically-rendered "short-order" illustrations,

Mr & Mrs S Ruby and Mrs Shanta Bhaskaran for "quick turnaround" translation and proofreading of Malayalam text,

All the writers for their well-considered words of wisdom, humour, illumination and wonder,

And all our supporters, well-wishers, sponsors and advertisers for the countless ways they lent support.

# You want something well-designed, effective, elegant; something that shows your company or product to its best visual advantage.

Professional Design • Corporate Identity Materials •
Annual Reports • Newsletters • Magazines •
Commemorative Publications • Brochures • Flyers •
Print Advertisements • Menus • Etc •

**Graphic Details Pte Ltd**

60 Martin Road
#07-33 TradeMart Singapore
Singapore 0923
Tel: 735 6911 Fax: 735 6891



**SINGAPORE KERALA ASSOCIATION**
**44 Race Course Road**
**Singapore 0821**